ആടുകൾക്കായ് ജീവനേകിയ നല്ല ഇടയനും

രക്ഷയേകും ഏകനാമവും യേശുകർത്താവ്

ആരും എടുത്തുകളയാത്ത നിത്യസന്തോഷം

നമ്മിൽ പകർന്ന നല്ല ഇടയൻയേശുകർത്താവ്. (2)

ഹാലേലുയ്യാ നല്ല ഇടയനായിരം പതിനായിരം സ്തോത്രം

ഹാലേലുയ്യാ നല്ല ഇടയനായിരം പതിനായിരം സ്തോത്രം

മോഷ്ടിക്കാനും അറുക്കാനും മുടിക്കാനുമായ്

ശത്രുവായ പിശാചു കടന്നു വരുമ്പോൾ

ജീവൻ തരുവാ ൻ സമൃദ്ധിയായ് തരുവാ **ൻ**

നല്ല ഇടയൻ വന്നല്ലോ ഹല്ലേലുയ്യാ. (2) ഹാലേലുയ്യാ......

നല്ല ഇടയൻ പേരുചൊല്ലി വിളിച്ചല്ലോ നമ്മെ

നാം അവന്റെ ശബ്ദം തിരിച്ചറിഞ്ഞല്ലോ

അവൻ നമ്മെ അറിയുന്നു നാം അവനെ അറിയുന്നു

ആരും നമ്മെ തന്നിൽനിന്നും അപഹരിക്കയില്ല. (2) ഹാലേലുയ്യാ......

പച്ചപ്പുൽപുറങ്ങളും സ്വഛരജലവും

പ്രാണനു തണുപ്പും നീതി പാതയും

നൽകി നമ്മെദിനവും പോഷിപ്പിച്ചീടും

നിത്യതയിലോത്തുചേർന്നു വാണിടുവാനായ്. (2) ഹാലേലുയ്യാ......